"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുമരാമത്തുവകുപ്പ് - LAR കേസ് - തിരുവനന്തപുരം ജില്ല - ആറ്റുകാൽ ക്ഷേത്രത്തിനടുത്തു കിള്ളി നദിക്കു കുറുകെ പാലം നിർമ്മാണം - തിരുവനന്തപുരം സബ്കോടതിയിലെ LAR 253/2009, 255/2009, 280/2009, 270/2009 & 276/2009 കേസുകളുടെ കോടതി വിധിത്തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുമരാമത്തു (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.894/2026/PWD തിരുവനന്തപുരം, തീയതി,07-08-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം.659/2026/PWD തീയതി 27-06-2026
2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 03-07-2026, 07-07-2026 - തീയതികളിലെ CEPWD/17618/2022-FR9-PWD നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ ക്ഷേത്രത്തിനടുത്തു കിള്ളി നദിക്കു കുറുകെ പാലം നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിലെ വിവിധ LAR കേസുകളുടെ കോടതി വിധിത്തുക നല്കുന്നതിലേക്കായി ആകെ ₹17,98,52,179/- (പതിനേഴ് കോടി തൊണ്ണൂറ്റി എട്ടു ലക്ഷത്തി അൻപത്തി രണ്ടായിരത്തി ഒരുനൂറ്റി എഴുപത്തി ഒൻപതു ) രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭരണാനുമതി തുകയോടൊപ്പം LAR നമ്പർ 253/2009, 255/2009, 280/2009, 270/2009 & 276/2009 കേസുകളുടെ കോടതി വിധി തുകകളുടെ ബാക്കിയും അതിന്റെ പലിശയും ചേർത്ത് ചുവടെ പട്ടികയിൽ പറയും പ്രകാരം തുകകൾ നല്കുന്നതിലേക്കായി പുതുക്കിയ ഭരണാനുമതിക്കുള്ള ശിപാർശ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

| കേസ് നം | അനുവദിക്കേണ്ടുന്ന തുക | ഇനം |
|---|---|---|
| 253/2009 | ₹20,079/- | Balance amount + 15% interest of the balance amount from 30-04-2026 to 31-8-2026 |
| 280/2009 | ₹39,997/- | Balance amount + 15% interest of the balance amount from 30-04-2026 to 31-8-2026 |

| | | |
|---|---|---|
| 255/2009 | ₹7,184/- | Balance amount + 15% interest of the balance amount from 30-04-2026 to 31-8-2026 |
| 270/2009 | ₹47,207/- | Balance amount + 15% interest of the balance amount from 30-04-2026 to 31-8-2026 |
| 276/2009 | ₹11,099/- | Balance amount + 15% interest of the balance amount from 09-05-2026 to 31-8-2026 |

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ പരാമർശം (2) ശിപാർശകൾ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ ക്ഷേത്രത്തിനടുത്തു കിള്ളി നദിക്ക കുറുകെ പാലം നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് LAR നമ്പർ 253/2009, 255/2009, 280/2009, 270/2009 & 276/2009 കേസുകളുടെ കോടതി വിധി തുകകളുടെ ബാക്കിയും അതിന്റെ പലിശയും ചേർത്തുള്ള തുകകൾ അനുവദിക്കുന്നതിലേക്കായി മുൻപ് ഭരണാനുമതി നൽകിയ ₹17,98,52,179/- രൂപയോടൊപ്പം, ₹1,25,566/- രൂപ കൂടി ചേർത്ത് ആകെ ₹17,99,77,745/- (പതിനേഴ് കോടി തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി നാല്പത്തി അഞ്ചു) രൂപയുടെ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SATHEESH KUMAR C

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ് (പ്രസിദ്ധീകരണത്തിനായി).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh M R
Date: 07-08-2026
15:56:32

സെക്ഷൻ ഓഫീസർ